(ബി) 2014-15-ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി "പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിന് ധനസഹായം അനുവദിക്കുന്നതിന് ആകെ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതാണ്. അതോടൊപ്പംതന്നെ എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെട്ട "പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായ പദ്ധതി"-യിൽ വകയിരുത്തിയിട്ടുള്ള 1125 ലക്ഷം രൂപയിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(സി) പ്രസ്തുത സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾക്ക് വിധേയമായി ചുവടെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടുള്ള 50 സംഘങ്ങളെ തെരഞ്ഞെടുക്കുന്നതാണ്.

1. മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
2. കുറഞ്ഞപക്ഷം 10 എസ്സി./എസ്റ്റി. അംഗങ്ങൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കത്തക്ക പ്രോജക്ടായിരിക്കണം
3. സർക്കാർ കുടിശ്ശിക പാടില്ല
4. സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം
5. സംഘം കുറഞ്ഞത് മൂന്ന് വർഷം തുടർച്ചയായി പ്രവർത്തിച്ചിരിക്കണം
6. ആഡിറ്റ് രണ്ട് വർഷം മുമ്പ് വരെ പൂർത്തിയായിരിക്കണം

മിഷൻ 676-ന്റെ ഭാഗമായുള്ള ധനസഹായം

85 (7921) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി കെ.ജി.റ്റി.ഇ./സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള കോഴ്സുകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിന് ഒരു സഹകരണ സംഘത്തിന് നൽകുന്ന പരമാവധി ധനസഹായം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായുള്ള ധനസഹായം ഏത് ഹെഡിൽനിന്നുമാണ് വകയിരുത്തിയിട്ടുള്ളതെന്നും 2014-15-ലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മിഷൻ 676-ന്റെ ഭാഗമായി കെ.ജി.റ്റി.ഇ./സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള കോഴ്സുകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് പരിശീലനം നൽകുന്ന പദ്ധതിയുടെ രൂപരേഖ അംഗീകരിച്ചു ലഭിക്കുന്ന മുറയ്ക്ക് പരിശീലന സ്ഥാപനത്തിന്റെ സ്വഭാവമനുസരിച്ച് ധനസഹായം അനുവദിക്കുന്നതാണ്.

(ബി) പദ്ധതിയുടെ രൂപരേഖ അംഗീകരിക്കുന്ന മുറയ്ക്ക്, പരിശീലന സ്ഥാപനത്തിന്റെ സ്വഭാവം കണക്കിലെടുത്ത് പരമാവധി തുക നിശ്ചയിച്ചു നൽകുന്നതാണ്.

(സി) വാർഷിക പദ്ധതി 2014-15-ൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി ശീർഷകം 2425-108-42 പ്രകാരം സബ്സിഡിയായി 486 ലക്ഷം രൂപയും ശീർഷകം 4425-108-34 പ്രകാരം സർക്കാർ ഓഹരിയായി 114 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മിഷൻ 676 പ്രകാരം വയനാട് ജില്ലയിലെ പദ്ധതികൾ

86 (7922) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് വയനാട് ജില്ലയിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെ കാർഷിക മേഖലയിലെ സാധ്യതകൾ കണക്കിലെടുത്ത് ജൈവ കാർഷിക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly